©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഡിസംബർ 15<br>15th December 2020<br>1196 വൃശ്ചികം 30<br>30th Vrischikam 1196<br>1942 അഗ്രഹായനം 24<br>24th Agrahayana 1942 | നമ്പർ<br>No. 49 |

## PART IV

# Private Advertisements and Miscellaneous Notifications

| *Sl. No.* | *Reg. No.* | *Name* | *DOB* | *Category* | *Marks* | *Rank No.* |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | 24618 | Akram, P. A. | 25-7-1987 | Indian: Muslim/Islam | 80 | 1 |
| 2 | 25447 | Aysha Zeneeb Majeed | 31-5-1978 | Indian: Muslim/Mappila | 75 | 2 |
| 3 | 23492 | Sameera, K. A. | 19-10-1982 | Indian: Muslim/Muslim | 70 | 3 |
| 4 | 24739 | Ansal Ellath | 9-4-1987 | Indian: Muslim/Mappila | 65 | 4 |
| 5 | 23114 | Azhar Ali, M. A. | 26-3-1991 | Indian: Muslim/Muslim | 62 | 5 |
| 6 | 25562 | Muhammed Haslin, S. M. | 1-5-1987 | Indian: Muslim/Islam | 60 | 6 |
| 7 | 23572 | Ahammad Kabeer, M. S. | 4-9-1992 | Indian: Muslim/Islam | 58 | 7 |

Cochin University P. O.,
Cochin.

(Sd.)
*Registrar.*

---

## കരുനാഗപ്പള്ളി നഗരസഭ

നമ്പർ TP 16120/18. 2019 മാർച്ച് 25.

### കരട് ബൈലോ

കരുനാഗപ്പള്ളി നഗരസഭ പരിധിയിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ, കമാനങ്ങൾ, ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതുതെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യട ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ (6) പ്രകാരം താഴെ പറയുന്ന പ്രകാരം 1-4-2019 മുതൽ ഫീസ് നിശ്ചയിക്കുന്നതിന് 18-3-2019-ലെ 12-ാം നമ്പരായി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിൻമേൽ ആക്ഷേപങ്ങൾ നൽകാനുള്ളപക്ഷം 15 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ രേഖാമൂലം നൽകേണ്ടതും അല്ലാത്തക്ഷം ടി നിരക്കുകൾ അംഗീകരിച്ചതായും കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1. നിർദ്ദിഷ്ട കമാനമോ പരസ്യ ബോർഡോ സ്ഥാപിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് അസൗകര്യമോ, അപകടമോ ഗതാഗത തടസ്സമോ ഉണ്ടാകാൻ പാടില്ലാത്തതും സ്ഥാപിക്കുന്ന ബോർഡുകൾ കാഴ്ച മറയ്ക്കാൻ പാടില്ലാത്തതുമാണ്. അശ്ലീല ബോർഡുകൾ സ്ഥാപിക്കാൻ പാടില്ല, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പരിസ്ഥിതിയ്ക്ക് ആഘാതം വരുത്തുന്ന ബോർഡുകൾ സ്ഥാപിക്കുവാൻ പാടില്ല.

2. ടാർ, കോൺക്രീറ്റ് ചെയ്ത ഭാഗങ്ങളിൽ യാതൊരു കാരണവശാലും കുഴിയുണ്ടാക്കുകയോ അല്ലാതെയോ തൂണുകൾ സ്ഥാപിക്കുവാൻ പാടില്ലാത്തതാകുന്നു.

3. കമാനങ്ങൾ ഹ്രസ്വകാലത്തേക്ക് മാത്രം ആയിരിക്കുന്നതും ആയത് നിശ്ചിത ദിവസം കഴിഞ്ഞ് സ്വന്തം ചെലവിൽ നീക്കുന്നതിനും റോഡിന്റെ കേടുപാടുകൾ തീർക്കുന്നതിനും ആവശ്യമായ തുക കമാനങ്ങൾ സ്ഥാപിക്കുന്നവരും ബോർഡ് സ്ഥാപിക്കുന്നവരും മുനിസിപ്പാലിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

4. കമാനം സ്ഥാപിക്കുന്നവർ ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പാലിക്കാമെന്ന് നിശ്ചിത വിലയുള്ള മുദ്രപത്രത്തിൽ സെക്രട്ടറിക്ക് സമ്മതപത്രം എഴുതി നൽകേണ്ടതാണ്.

5. കെട്ടിടത്തിന്റെ മുകളിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകളുടെ അപേക്ഷയോടൊപ്പം സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

6. പൊതുസ്ഥലത്ത് രാഷ്ട്രീയപാർട്ടികളുടെ ഉൾപ്പെടെ സ്ഥാപിക്കുന്ന ബോർഡുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം കമാനങ്ങൾക്ക് ₹ 1500-ം ബോർഡുകൾക്ക് ₹ 500-ം ഡെപ്പോസിറ്റ് വയ്ക്കേണ്ടതും സ്ഥാപിച്ച ബോർഡുകളും കമാനങ്ങളും നിശ്ചിത ദിവസത്തിനുള്ളിൽ നീക്കം ചെയ്ത് അറിയിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതുമാണ്.

7. സെക്രട്ടറിയുടെ അനുമതി കൂടാതെ സ്ഥാപിക്കുന്ന ബോർഡുകളും നഗരസഭാ അറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതും കമാനം ബോർഡ് ഒന്നിന് ₹ 1,000 പിഴയും നീക്കം ചെയ്യുന്നതിനുള്ള ചെലവും ഈടാക്കുന്നതുമാണ്.

കമാനങ്ങൾ, ബോർഡുകൾ എന്നിവയ്ക്ക് ചുമത്തേണ്ട ഫീസ് സംബന്ധിച്ച് ചുവടെ പറയും പ്രകാരം തീരുമാനിക്കാവുന്നതാണ്.

8. റോഡിന് കുറുകെയും വശങ്ങളിലും സ്ഥാപിക്കുന്ന കമാനങ്ങൾക്ക്

| | |
|---|---|
| 6 മീറ്റർ വരെവീതിയുള്ള റോഡുകൾ | പരമാവധി 4 ദിവസം ₹ 300 അധികമായവരുന്ന ഓരോ ദിവസവും ₹ 50 വീതം |
| 6 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾ | പരമാവധി 4 ദിവസം ₹ 500 അധികമായി വരുന്ന ഓരോ ദിവസവും ₹ 100 വീതം |

| | |
|---|---|
| 9. ബാനറുകൾ, ബോർഡുകൾ, മറ്റ് തരത്തിലുള്ള ബോർഡുകൾ | 6 ച. മീറ്റർ വരെയുള്ളത് ഒരാഴ്ച ₹ 125<br>6 ച. മീറ്ററിന് മുകളിലുള്ളത് ഓരോ ച. മീറ്ററിനും ₹ 25 വീതം |
| 10. പരസ്യങ്ങൾ വഹിക്കുന്ന ബോർഡുകൾ, ഫോർഡിംഗ്സുകൾ പ്രകാശിതമാക്കിയ പരസ്യങ്ങൾ, സ്ക്കൈസൈമുകൾ എൽ.സി.ഡി. ഉപയോഗിച്ചുള്ള പരസ്യങ്ങൾ റോഡുകളിൽ സ്ഥാപിക്കുന്നത് | 1 ച. മീറ്റർ വരെയുള്ളത് ഒരാഴ്ച ₹ 75, 1 ച. മീറ്റർ മുതൽ 3 ച. മീറ്റർ വരെയുള്ളത് ഒരാഴ്ച ₹ 100 അധികമായി വരുന്ന ഓരോ ച. മീറ്ററിനും ഒരാഴ്ച ₹ 20 വീതം |

കെട്ടിടത്തിന് മുകളിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾ 1 ച. മീറ്ററിന് ₹ 300

ബഹു. സർക്കാർ, നഗരസഭ ബന്ധപ്പെട്ട പരിപാടികൾക്ക് ഫീസ്, ഡെപ്പോസിറ്റ് എന്നിവ ബാധകമല്ല.

(ഒപ്പ്)
സെക്രട്ടറി.